**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത** **10.08.2017-ൽ മറുപടിയ്ക്ക്**

**ചോദ്യം നം. 1312**

## ഫിഷറീസ് സർവ്വകലാശാലയുടെ ഉത്തരമേഖലാ ഉപകേന്ദ്രം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.സി. കൃഷ്ണൻ** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഫിഷറീസ് സർവ്വകലാശാലയുടെ ഉത്തരമേഖലാ ഉപകേന്ദ്രം പയ്യന്നൂരിൽ ആരംഭിക്കുന്നത് സംബന്ധിച്ച നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) യും (ബി) യും | കണ്ണൂരിൽ അക്വാകൾച്ചർ ട്രെയിനിംഗ് ആന്റ് എക്സ്റ്റൻഷൻ സെന്റർ ആരംഭിക്കുന്നതിനായി 2017-18 ബഡ്ജറ്റിൽ ഒരു കോടി രൂപ അനുവദിക്കുകയും ടി തുക 2415-05-277-99 എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ വകയിരുത്തിക്കൊണ്ട് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഭരണാനുമതി ലഭ്യമായതിനെ തുടർന്ന് സർവ്വകലാശാല നിയമിച്ച ഒരു വിദഗ്ധ സമിതി പയ്യന്നൂരും പരിസര പ്രദേശങ്ങളും സന്ദർശിക്കുകയും ഗവേണിംഗ് കൗൺസിലിന് വിശദമായ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. റിപ്പോർട്ട് പരിഗണനയിലാണ്. |
| (ബി) | പ്രസ്തുത സെന്റർ തുടങ്ങുന്നതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് ഹെഡ് ഓഫ് അക്കൗണ്ടിലാണ് വകയിരുത്തിയിട്ടുള്ളത് എന്നറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ